പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 325 01.12.2014-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യെ ലാഭത്തിലാക്കാൻ നടപടി

ചോദ്യം

ശ്രീ. കെ. ശിവദാസൻ നായർ :
" വർക്കല കഹാർ :
" ഹൈബി ഈഡൻ :
" സി.പി. മുഹമ്മദ് :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യെ ലാഭത്തിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അവ വിശദമാക്കാമോ; | (എ) | കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറി ലാഭത്തിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഒരു പുനരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പുനരുദ്ധാരണ പാക്കേജിൻ പ്രകാരമുള്ള പദ്ധതികൾ നടപ്പാക്കുക വഴി പ്രതിമാസ വരവ് ചെലവ് അന്തരം 78 കോടിയായി കുറക്കാൻ സാധിച്ചു. ടിക്കറ്റിതര വരുമാന വർദ്ധനവ് ഉദ്ദേശിച്ച് വിവിധ ഡിപ്പോകളിൽ ആധുനിക ബസ് സ്റ്റാൻഡും വാണിജ്യ സമുച്ചയവും നിർമ്മിച്ച് വരുന്നു. ആയതിലേക്ക് വേണ്ടിവരുന്ന മുതൽമുടക്ക് വാണിജ്യ സ്ഥാപനം നടത്താൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മൽസരാടിസ്ഥാനത്തിൽ പലിശ രഹിത നിക്ഷേപം സ്വീകരിച്ചിട്ടാണ് സ്വരൂപിക്കുന്നത്. |
| (ബി) | കെ.എസ്.ആർ.ടി.സി യെ ലാഭത്തിലാക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ബി) യും (സി) യും | കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറി ലാഭത്തിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഒരു പുനരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>കോർപ്പറേഷന്റെ പെൻഷൻ ബാധ്യതയ്ക്ക് പരിഹാരം കണ്ടെത്തുക; കോർപ്പറേഷന്റെ വിപണി മൂല്യം വർദ്ധിപ്പിക്കുന്നതിനായി ആസ്തി മൂല്യ നിർണ്ണയം നടത്തുക, കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നു |
| (സി) | കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കാമോ ; | | |

| | | | |
|---|---|---|---|
| | | | മെടുത്തിട്ടുള്ള വായ്പകൾ മറ്റു പൊതു മേഖലാ ബാങ്കുകളിലേക്ക് കൂടിയ തിരിച്ചടവ് കാലയളവും കുറഞ്ഞ പലിശ നിരക്കുമുള്ള വായ്പകളായി മാറ്റുക, സർക്കാരിന് നൽകാനുള്ള വായ്പാകുടിശ്ശിക മൂലധന നിക്ഷേപമാക്കി മാറ്റുക, വരുമാനം കുറഞ്ഞ ബസ് സർവ്വീസുകൾ ലാഭകരമാക്കത്തക്ക രീതിയിൽ പുനഃക്രമീകരിക്കുക, സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തുക തുടങ്ങിയവയാണ് പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ. |
| (ഡി) | എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് പദ്ധതി നടപ്പിലാക്കുമ്പോൾ നിലവിൽ വരുന്നതെന്നു വിശദമാക്കുമോ? | (ഡി) | പുനരുദ്ധാരണ പാക്കേജ് പൂർണ്ണമായും നടപ്പിലാക്കുമ്പോൾ കെ.റ്റി.ഡി.എഫ്.സി.ക്ക് നൽകാനുള്ള പ്രതിമാസ വായ്പാ തിരിച്ചടവ് 43 കോടിയിൽ രൂപയിൽ നിന്നും 15-20 കോടി രൂപയായി കുറയുകയും കോർപ്പറേഷനിലെ പണമൊഴുക്ക് (fund flow) വർദ്ധിക്കുകയും ചെയ്യും. ആസ്തി മൂല്യം നിർണ്ണയിക്കുക വഴി കോർപ്പറേഷന്റെ വിപണി മൂല്യം വർദ്ധിക്കുന്നതാണ്. സോഷ്യൽ സെക്യൂരിറ്റി സെസ്സ് ഏർപ്പെടുത്തുക വഴി യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ സാധിക്കുകയും പെൻഷൻ വിതരണത്തിനായി കുറച്ച് തുക സ്വരൂപിക്കാൻ കഴിയുകയും ചെയ്യുന്നതാണ്. വരുമാനം കുറഞ്ഞ സർവ്വീസുകൾ നിർത്തലാക്കി ലാഭകരമായി പുനഃക്രമീകരിക്കുക വഴി കോർപ്പറേഷന് അധിക വരുമാനം കണ്ടെത്താൻ കഴിയും. ടിക്കറ്റിതര വരുമാന വർദ്ധനവ് ഉദ്ദേശിച്ച് വിവിധ ഡിപ്പോകളിൽ നിർമ്മിക്കുന്ന ആധുനിക വാണിജ്യ സമുച്ചയങ്ങൾക്ക് ഒപ്പം മെച്ചപ്പെട്ട ഓഫീസ്, ബസ് സ്റ്റേഷൻ, യാത്രക്കാരുടെ വിശ്രമാദി സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ